**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.341** **21.06.2019-ലെ മറുപടിക്ക്**

# വികസന പദ്ധതികൾക്കുള്ള ധനസമാഹരണം

**ചോദ്യം** **ഉത്തരം**

**ശ്രീ. പി. ടി. തോമസ്**

**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**

**ശ്രീ. എം. വിൻസെന്റ്**

**ഡോ. ടി. എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സംസ്ഥാനത്തെ വികസനപദ്ധതികൾ വായ്പ വഴിയും ബോണ്ടുവഴിയും ലഭ്യമാകുന്ന തുക കൊണ്ടു മാത്രമേ ഇനി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂവെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യമെന്താണ്; | സംസ്ഥാനത്തിന്റെ നോൺപ്ലാൻ റവന്യൂ അക്കൗണ്ടിലെ അസന്തുലിതാവസ്ഥ കാലങ്ങളായി സംസ്ഥാനം അഭിമുഖീകരിക്കുന്ന വളരെ ഗൗരവമേറിയ സാമ്പത്തിക പ്രശ്നമാണ്. അതുകൊണ്ട് റവന്യൂ കമ്മി പൂർണ്ണമായും ഇല്ലാതാകുന്ന സാഹചര്യത്തിൽ മാത്രമേ സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ നിന്നും വികസനപ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് കണ്ടെത്തുവാൻ സാധിക്കുകയുള്ളൂ. വരുമാനം വർദ്ധിപ്പിച്ച് മേൽ പ്രതികൂല സാഹചര്യം തരണം ചെയ്യുന്നതിനുതകുന്ന വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ മുന്നോട്ട് പോകുന്നത്. എന്നാൽ കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ നയങ്ങളും നോട്ട് നിരോധനവും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്കു സേവന നികുതിയും കഴിഞ്ഞ വർഷം സംസ്ഥാനത്തെ ഗ്രസിച്ച പ്രളയവും സംസ്ഥാനത്തിന്റെ വിഭവസമാഹരണ ശേഷിയെ ദുർബലപ്പെടുത്തിയത് വരുമാന വർദ്ധനവ് ലക്ഷ്യമാക്കി സർക്കാർ കൈക്കൊണ്ട നടപടികളെ പൂർണ്ണ വിജയത്തിലെത്തിക്കുന്നതിൽ നിന്നും പിന്നോട്ടടിച്ചിട്ടുണ്ട്.<br><br>ഇത് കൂടാതെ, അടിസ്ഥാന സൗകര്യ വികസന മേഖലയിലെ സംസ്ഥാനത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും വികസനത്തിന് പ്രേരകങ്ങളാകുന്ന സ്വപ്ന |

| | | |
|---|---|---|
| | | പദ്ധതികൾ നടപ്പിലാക്കുന്നതിനും ആവശ്യമായ ധനം കണ്ടെത്തുന്നതിന് നിലവിലെ സാഹചര്യത്തിൽ ഒരു സംസ്ഥാനം എന്ന നിലയിൽ കേരളത്തിന് ധാരാളം പരിമിതികൾ ഉണ്ട്. കേന്ദ്ര സർക്കാരിന്റെ എഫ്.ആർ.ബി.എം ആക്റ്റ് അനുസരിച്ചുള്ള നിയന്ത്രണങ്ങൾ ഇതിനു വിലങ്ങുതടിയാണ്. തനത് വരുമാനം കുറവായിട്ടുള്ള കേരളം പോലുള്ള സംസ്ഥാനത്തിന് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് കടമെടുപ്പ് ഒരു പരിധി വരെ അത്യന്താപേക്ഷിതമാണ്. അനുവദനീയമായ പരിധിക്കുള്ളിൽ നിന്നും കടമെടുത്ത് ആസ്തികൾ സൃഷ്ടിക്കുന്നത് സ്ഥായിയായ വികസനത്തിനും സമ്പദ്ഘടനയുടെ വളർച്ചയ്ക്കും അനുപേക്ഷണീയമാണ്. കിഫ്ബി വഴി റിസർവ്വ് ബാങ്ക്, സെബി തുടങ്ങിയ റെഗുലേറ്ററി സംവിധാനങ്ങൾ അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹാരണ ഉപാധികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ആവശ്യമായ തുക കണ്ടെത്തുവാനാണ് സർക്കാർ ശ്രമിക്കുന്നത്. |
| (ബി) | കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികളിൽ തിരികെ വരുമാനം ലഭിക്കുന്ന പദ്ധതികൾ എന്തെങ്കിലുമുണ്ടോ; വിശദമാക്കുമോ; | കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളിൽ തിരികെ വരുമാനം ലഭിക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | കിഫ്ബി വഴി ഇതിനകം മുടക്കിയ തുകയുടെ എത്ര ശതമാനം തുകയാണ് വരുമാനമുള്ള പദ്ധതികൾക്കായി വിനിയോഗിച്ചത് എന്നതിനെ സംബന്ധിച്ച കണക്ക് ലഭ്യമാണോ; എങ്കിൽ അത് നൽകാമോ? | നാളിതുവരെ 1765.67 കോടി രൂപ വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായി കിഫ്ബിയിൽ നിന്ന് നൽകിയിട്ടുണ്ട്. ആയതിൽ 395.66 കോടി രൂപ തിരികെ വരുമാനം ലഭിക്കുന്ന പദ്ധതികളുടെ നിർവ്വഹണത്തിനായി വിനിയോഗിച്ചിട്ടുണ്ട്. ആയതു മൊത്തം പദ്ധതികളുടെ നിർവ്വഹണത്തിനായി ചെലവഴിച്ച തുകയുടെ 22.41 ശതമാനമാണ്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| Revenue Earning Projects | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| **Sl. No.** | **Department Name** | **Project Code** | **Main Project Name** | **Sub Project Name** | **Packages** | **Project Outlay (Rs. In Crore)** | **SPV Name** | **LAC** | **District** |
| 1 | Culture | CAD002-01 | Setting up of Cinema Theater Complexes in the State of Kerala | Construction of Theater complex at Alagappanagar | | 9.40 | KSFDC | Pudukkad | Thrissur |
| 2 | Culture | CAD002-02 | Setting up of Cinema Theater Complexes in the State of Kerala | Cinema Theater Complex at Perambra | | 11.35 | KSFDC | Perambra | Kozhikode |
| 3 | Culture | CAD002-03 | Setting up of Cinema Theater Complexes in the State of Kerala | Cinema Theater Complex at Kayamkulam | | 15.03 | KSFDC | Kayamkulam | Alappuzha |
| 4 | Culture | CAD002-04 | Setting up of Cinema Theater Complexes in the State of Kerala | Cinema Theater Complex at Thalassery | | 10.12 | KSFDC | Thalassery | Kannur |
| 5 | Culture | CAD002-05 | Setting up of Cinema Theater Complexes in the State of Kerala | Cinema Theater Complex at Payyannur | | 11.35 | KSFDC | Payyannur | Kannur |

| Revenue Earning Projects | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| **Sl. No.** | **Department Name** | **Project Code** | **Main Project Name** | **Sub Project Name** | **Packages** | **Project Outlay (Rs. In Crore)** | **SPV Name** | **LAC** | **District** |
| 6 | Industries | IND001-01 | Development of Industrial Infrastructure | Development of Indusrial infrastructure - Land Acquisition | | 12710.00 | KINFRA | Tharur, Dharmadom, Mattannur, Koothuparamba, Peravoor | Kannur, Palakkad |
| 7 | Industries | IND006-00 | Life Sciences Park Phase II- Trivandrum | Life Sciences Park Phase II- Trivandrum | | 301.17 | Kerala State Industrial Development Corporation [KSIDC] Ltd | Chirayinkeezhu | Thiruvananthapuram |
| 8 | Industries | IND005-00 | Petrochemical & Pharma Park | Setting up of Petrochemical & Pharma Park | | 1264.00 | Kerala Industrial Infrastructure Development Corporation (KINFRA) | Aluva | Ernakulam |

| Revenue Earning Projects | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| **Sl. No.** | **Department Name** | **Project Code** | **Main Project Name** | **Sub Project Name** | **Packages** | **Project Outlay (Rs. In Crore)** | **SPV Name** | **LAC** | **District** |
| 9 | Information Technology | ITD001-03 | IT Parks | First Building at Technocity with 2 lakh sq feet | | 100.00 | Kerala State IT Infrastructure Ltd (KSITIL) | Kazhakootam | Thiruvananthapuram |
| 10 | Information Technology | ITD001-02 | IT Parks | 3.4 Lakh sq.ft Buildings at Kochi Innovation Zone | | 251.13 | Kerala State IT Infrastructure Ltd (KSITIL) | Kalamassery | Ernakulam |
| 11 | Information Technology | ITD002-01 | Kerala Fibre Optics Network (K-FON) | Kerala Fibre Optics Network (K-FON) | | 823.00 | Kerala State IT Infrastructure Ltd (KSITIL) | State Wide | State wide |
| 12 | Power | | Transgrid 2.0 | Transgrid 2.0 | | 2730.49 | KSEB | State wide | State wide |
| 13 | Power | POW002-03 | Transgrid 2.0 | Sub Station Package | | 138.44 | KSEB | Kothamangalam,Chalakudy,Manjeri, Devikulam | Ernakulam, Thrissur, Malappuram, Idukki |

| Revenue Earning Projects | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| **Sl. No.** | **Department Name** | **Project Code** | **Main Project Name** | **Sub Project Name** | **Packages** | **Project Outlay (Rs. In Crore)** | **SPV Name** | **LAC** | **District** |
| 14 | Power | POW002-04 | Transgrid 2.0 | Kochi Lines Package | | 372.73 | KSEB | Kothamangalam,Aluva. Kunnathunadu,Thrikkakara, Devikulam, Perumbavoor | Ernakulam, Idukki |
| 15 | Power | POW002-07 | Transgrid 2.0 | Kolathunadu Lines Package | Construction / Upgradation of 110kV SC line to 220/110kV DC line using narrow base MCMV Towers from Kanhirode to Mylatty | 229.59 | KSEB | Kanhangad, Thrikkaripur, Payyannur, Thaliparamba, Azhikode, Kannur | Kasargod, Kannur |
| 16 | Power | POW002-08 | Transgrid 2.0 | 400KV GIS at Kottayam | Construction of New 400kV Gas Insulated Substation at Kottayam | 231.03 | KSEB | Ettumanoor | Kottayam |

| Revenue Earning Projects | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| **Sl. No.** | **Department Name** | **Project Code** | **Main Project Name** | **Sub Project Name** | **Packages** | **Project Outlay (Rs. In Crore)** | **SPV Name** | **LAC** | **District** |
| 17 | Power | POW002-11 | Transgrid 2.0 | North Malabar Lines | Construction / Upgradation of 66kV SC line to 220/110kV DC line using narrow base MCMV Towers from Mundayad to Thalassery. & Construction / Upgradation of 220/110kV MCMV line from Areekode-Kaniyambetta tap point (near Malayamma) to Kunnamangalam substation through existing Agasthiyamuzhi 110 kV line routeHFW | 99.27 | KSEB | Kannur, Dharmadam, Koothuparambu, Thalassery | Kannur |
| 18 | Power | POW002-09 | Transgrid 2.0 | Thrissivaperoor Line strengthening Package (Phase 1) | Upgrading existing Wadakkanchery - Kunnamkulam 66kV SC Transmission line to 220kV DC Transmission line (Thrissur District) | 49.14 | KSEB | Wadakkanchery, Kunnamkulam | Thrissur |

| Revenue Earning Projects | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| **Sl. No.** | **Department Name** | **Project Code** | **Main Project Name** | **Sub Project Name** | **Packages** | **Project Outlay (Rs. In Crore)** | **SPV Name** | **LAC** | **District** |
| 19 | Power | POW002-12 | Transgrid 2.0 | AIS Package III | ( 400KV, AIS Cheemeni in Kasargode District) | 246.98 | KSEB | Thrikkaripoor | Kasaragod |
| 20 | Power | POW002-13 | Transgrid 2.0 | North South Interlink package | Construction new 220/110kV Multi Circuit Multi Voltage Transmission Line from Irinjalakuda to Kodungallur (Thrissur District), Construction new 220kV Double Circuit Transmission Line from Kodungallur (Thrissur District) to North Paravur (Ernakulam District) & Upgrading existing Chalakudy to Konnakuzhy (Chalakkudy Substation to Konnakuzhy Tapping Point) transmission line to 220/220 kV MC transmission line (Thrissur District) | 77.03 | KSEB | Kodungallur/ Irinjalakuda | Thrissur |

| Revenue Earning Projects | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| **Sl. No.** | **Department Name** | **Project Code** | **Main Project Name** | **Sub Project Name** | **Packages** | **Project Outlay (Rs. In Crore)** | **SPV Name** | **LAC** | **District** |
| 21 | Power | POW002-15 | Transgrid 2.0 | GIS PACKAGE-II Upgradation of 110kV Substation to 220kV Gas Insulated Substation | Aluva, Kaloor, Kunnamangalam | 224.82 | KSEB | Aluva, Ernakulam, Kunnamangalm | Ernakulam, Kozhikode |
| 22 | Power | POW002-14 | Transgrid 2.0 | GIS PACKAGE-III | 220 KV GIS at Ettumanoor,Vizhinjam & Kunnamkulam. | 190.53 | KSEB | Ettumanoor, Kovalam, Kunnamkulam | Kottayam, Thiruvananthapuram, Thrissur |
| 23 | Power | POW002-10 | Transgrid 2.0 | AIS Package II phase 1 | Construction of new 220 KV substation at Thalassey, Thuravoor | 65.41 | KSEB | Thalassery | Kannur |
| 24 | Power | POW002-06 | Transgrid 2.0 | Kottayam Lines package (Turn Key Basis) | Project A-Kottayam SS to Thuravoor SS, project B- Kottayam 400KV SS to Ettumanoor SS, Project C-Pallam Ambalamugal | 96.39 | KSEB | KADUTHURUTHY, VAIKOM ,ETTUMANOOR, AROOR | Kottayam ,Alappuzha |
| 25 | Power | POW002-01 | Transgrid 2.0 | Sabari Project | | 244.00 | KSEB | Aranmula, Konni, Pathanapuram | Pathanamthitta |

## Revenue Earning Projects

| Sl. No. | Department Name | Project Code | Main Project Name | Sub Project Name | Packages | Project Outlay (Rs. In Crore) | SPV Name | LAC | District |
|---|---|---|---|---|---|---|---|---|---|
| 26 | Power | POW002-02 | Transgrid 2.0 | Construction of 220/110/11kV GIS Substaiton, Vengallur in Malappuram Dsitrict and Thrissivaperur Line Strengthening package | | 204.15 | KSEB | Tirur | Malappuram |
| 27 | Transport | TRA008-00 | Procurement of 900 Disel buses for KSRTC | Procurement of 900 Disel buses for KSRTC | | 324.00 | Kerala State Road Transport Corporation (KSRTC) | State Wide | State wide |
| | | | | | **TOTAL** | **21030.55** | | | |

സെക്ഷൻ ഓഫീസർ